കേരള നിയമസഭാ നടവടികൾ

അഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

1979 മാർച്ച് 7, ബുധൻ

വാല്യം XLVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 14

(നിയമസഭ 1979 മാർച്ച് 7-ാം തീയതി ബുധനാഴ്ച രാവിലെ 8.30ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.)

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

റവന്യു പുറമ്പോക്കുകൾ കയ്യടക്കി കുടിലുകൾ കെട്ടുന്ന പ്രവണത

*314 [331] ശ്രീ. ആർ. സുന്ദരേശൻ നായർ:

ശ്രീ. എസ്. തങ്കപ്പൻ പിള്ള:

ശ്രീ. വട്ടിയൂർക്കാവ് രവി: താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യുവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃതമായി സംസ്ഥാന വ്യാപകമായി റവന്യു പുറമ്പോക്കുകൾ കയ്യടക്കി കുടിലുകൾ കെട്ടുന്ന ഒരു പ്രവണത ഇപ്പോഴും നിലവിലുണ്ടെന്നുള്ള കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ചില രാഷ്ട്രീയ കക്ഷികളാണ് ഈ അനധികൃതമായ കയ്യേറ്റത്തിന് പ്രേരണ നൽകുന്നത് എന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) അനധികൃതമായ ഇത്തരം കയ്യേറ്റങ്ങളെ കർശനമായി നിരോധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും സഹകരണവും വകുപ്പു മന്ത്രി (ശ്രീ.ബേബിജോൺ):

(എ) ഇല്ല. ചിലരൊക്കെ അനധികൃതമായി പ്രവേശിക്കുന്നുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) അനധികൃതമായ കൈയേറ്റങ്ങൾ ഉണ്ടാകുന്ന സന്ദർഭങ്ങളിലെല്ലാം നടപടികൾ എടുത്തു വരുന്നുണ്ട്. അനധികൃതമായ കൈയേറ്റങ്ങൾ ഒഴിപ്പിക്കുവാൻ ചട്ടങ്ങൾ നിലവിലുണ്ട്.

ശ്രീ. ആർ. സുന്ദരേശൻ നായർ: റവന്യു പുറമ്പോക്കു ഭൂമികളിൽ സ്വന്തമായി ഭൂമിയില്ലാത്ത സാധുക്കളായ ആളുകൾ സ്ഥലത്തുള്ള റവന്യു ഉദ്യോഗസ്ഥൻമാരുടെ അനുവാദത്തോടുകൂടിയും അതുപോലെ തന്നെ ചില രാഷ്ട്രീയ കക്ഷികളുടെ പിൻബലത്തോടു കൂടിയും ചിലപ്പോൾ അവർക്കു കുറെ തുക കൈക്കൂലിയായി കൊടുത്തുകൊണ്ട് കയറി കിടക്കുകയും അവരെ വളരെക്കാലമായി അവിടെ ജീവിക്കുവാൻ അനുവദിക്കുകയും ചെയ്തതിനുശേഷം എട്ടും പത്തും വർഷങ്ങൾ കഴിഞ്ഞ് അവരെ വളരെ ക്രൂരമായി പുറത്തിറക്കി വിടുന്ന ഒരു നയമുണ്ട്. അത് ഈ പാവപ്പെട്ട ആളുകളോട് റവന്യൂ ഉദ്യോഗസ്ഥൻമാരും രാഷ്ട്രീയ പാർട്ടികളും കാണിക്കുന്ന ഒരു വലിയ വഞ്ചനയാണ്. ഇതില്ലാതാക്കാൻ വേണ്ട സംവിധാനമുണ്ടാക്കുമോ?

ശ്രീ. ബേബി ജോൺ: ഏതു മാർഗ്ഗത്തിൽകൂടിയാണ് ഈ ആളുകൾ റവന്യൂ പുറമ്പോക്കു ഭൂമികളിൽ പ്രവേശിക്കുന്നതെന്നു പറയാൻ ബുദ്ധിമുട്ടുണ്ട്. പക്ഷേ റവന്യൂ പുറമ്പോക്കു ഭൂമികളിൽ അനധികൃതമായ പ്രവേശനം ഉണ്ടായിട്ടുണ്ട്. ഈ സഭയെ നേരത്തെ അറിയിച്ചിട്ടുള്ളതുപോലെ അനധികൃതമായ പ്രവേശനത്തെ റഗുലറൈസ് ചെയ്യുക എന്ന നടപടിക്രമമാണ് സ്വീകരിച്ചിട്ടുള്ളത്. അതു ലാൻഡ് അസൈൻമെൻറു റൂൾസിലുണ്ട്. പക്ഷേ പതിച്ചു കൊടുക്കാവുന്ന, അസൈനബിൾ ലാൻഡ് മാത്രമാണ് അങ്ങനെ റഗുലറൈസ് ചെയ്തുകൊടുക്കുന്നത്. പതിച്ചു കൊടുക്കാൻ വയ്യാത്ത പുറംപോക്കു ഭൂമികളിൽനിന്നും ഒഴിപ്പിക്കേണ്ടതായി വരും.

ശ്രീ. ആർ. സുന്ദരേശൻ നായർ: ഷൊർണ്ണൂർ-നെടുമങ്ങാട് റോഡിന്റെ ടാറിട്ട പോർഷൻ ഒഴിച്ച് ബാക്കി എല്ലാ സ്ഥലത്തും പുതിയ പുതിയ കുടിലുകൾ കെട്ടിക്കൊണ്ടിരിക്കുന്നു. അതിന്റെ പിന്നിൽ ചില രാഷ്ട്രീയ കക്ഷികളുണ്ടെന്നു ഗവൺമെൻറിനു പരിശോധിച്ചാൽ മനസ്സിലാക്കുവാൻ കഴിയും. അത് ഇപ്പോഴും തുടർന്നു കൊണ്ടിരിക്കുകയാണ്. അതിൽ എട്ടും പത്തും വർഷങ്ങളായി താമസിക്കുന്ന ആളുകളുണ്ട്. റോഡിൽക്കൂടിയുള്ള വാഹനഗതാഗതം തടസ്സപ്പെടുത്തുന്ന വിധത്തിലാണ് കുടിലുകൾ കെട്ടുന്നത്. ഇതിനു പരിഹാരം കാണാമോ?

ശ്രീ. ബേബിജോൺ: റോഡുവഴിയുള്ള വാഹന ഗതാഗതത്തിന് വിഘാതം ഉണ്ടാകത്തക്ക രീതിയിൽ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും അനധികൃതമായ പ്രവേശനം റോഡു പുറമ്പോക്കുകളിൽ ഉണ്ടായിട്ടുണ്ട്. അതു കഴിയുന്നത്ര ഒഴിപ്പിക്കുവാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള സ്ഥലങ്ങളിൽ അനധികൃതമായി പ്രവേശിച്ചവരെ ഒഴിപ്പിക്കുവാനുള്ള നടപടികൾ തുടങ്ങുമ്പോഴെല്ലാം തന്നെ അതൊഴിപ്പിക്കരുതെന്നു പറഞ്ഞുകൊണ്ട് നിവേദനങ്ങൾ കിട്ടിയിട്ടുണ്ട്. കണ്ണൻ

LIBRARY ARCHIVES Kerala Legislative Assembly

ദേവൻ കമ്പനിയുടെ വക ഗവൺമെൻറിൻെറ കൈയിൽ വന്ന ഭൂമിയിൽ നിന്നും ആളുകളെ ഒഴിപ്പിക്കുവാൻ നടപടി സ്വീകരിക്കുമ്പോൾ ബഹുമാനപ്പെട്ട മെമ്പർതന്നെ ഒഴിപ്പിക്കരുതെന്നു പറഞ്ഞു എന്നാണ് തോന്നുന്നത്.

ശ്രീ. എസ്. തങ്കപ്പൻ പിള്ള: പൊതു പ്രാധാന്യമുള്ള സ്ഥലങ്ങളിലും റോഡു പുറമ്പോക്കുകളിലും ചില പ്രത്യേക രാഷ്ട്രീയ കക്ഷികളുടെ സ്വാധീനത്തോടുകൂടി കുടിലുകൾകെട്ടി താമസിക്കുന്നതു കാരണം അവരെ ഒഴിപ്പിക്കുവാനുള്ള നടപടിയെടുക്കുന്നില്ലെന്നു ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. ബേബിജോൺ: ഏതു രാഷ്ട്രീയ കക്ഷിയുടെ പ്രേരണയിലാണ് നടക്കുന്നതെന്നു അറിയിച്ചാൽ ഉപകാരപ്രദമായിരിക്കും. ഗവൺമെൻറിനു പ്രത്യേകമായ ഏതെങ്കിലും രാഷ്ട്രീയ കക്ഷികൾ പ്രത്യേകമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതായി അറിയുകയില്ല. എല്ലാ രാഷ്ട്രീയ പാർട്ടികളും അവരവരുടേതായ സംഭാവന ഈ ഭൂമിയിൽ അനധികൃതമായി പ്രവേശിക്കുന്ന കാര്യത്തിൽ ചെയ്തിട്ടുണ്ട്.

ശ്രീ. എസ്. തങ്കപ്പൻ പിള്ള: ഈ റോഡുകളുടെ പുറമ്പോക്കുകളിൽ താമസിക്കുന്ന ആളുകൾ ചിലയാളുകളുടെ നിർദ്ദേശാനുസരണമാണ് പ്രവേശിക്കുന്നതെന്നും ഞങ്ങളെ ഒഴിപ്പിക്കുവാൻ സാധ്യമല്ലെന്നും പറഞ്ഞിട്ടുള്ളതിൻെറ അടിസ്ഥാനത്തിൽ നിവേദനങ്ങൾ നൽകിയിട്ടുള്ളതായും ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; അതു കർശനമായി നിരോധിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ബേബിജോൺ: റോഡു പുറമ്പോക്കുകളിൽ ഗതാഗതത്തിനു തടസ്സമുണ്ടാക്കുന്ന രീതിയിൽ കുടിലുകൾ കെട്ടുന്ന സ്ഥലങ്ങളിൽ നിന്നും ഒഴിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇപ്പോൾ തന്നെ അതിനായി ചില നിർദ്ദേശങ്ങളുണ്ട്. പക്ഷേ മാനുഷികമായ പ്രശ്നങ്ങൾ വച്ചുകൊണ്ട് കഴിയുന്ത്ര പുനരധിവസിപ്പിക്കാനുള്ള നിർദ്ദേശമാണുള്ളത്. അങ്ങനെ നിർദ്ദേശമുള്ളതുകൊണ്ട് ഒഴിപ്പിക്കുവാൻ പ്രയാസമാണ്. കാരണം അങ്ങനെ ഒഴിപ്പിച്ചാൽ പുറമ്പോക്കുകളിലേക്കുള്ള പ്രവേശനത്തിൻെറ നമ്പർ കൂടിവരും.

ശ്രീ. വട്ടിയൂർക്കാവ് രവി: റോഡു പുറമ്പോക്കുകളിൽ വളരെ വർഷക്കാലമായി കുടിലുകൾ കെട്ടി താമസിക്കുന്ന, നിയമാനുസരണമായ റേഷൻ കാർഡുകളെല്ലാമുള്ള ആളുകളെ ഒഴിപ്പിക്കുവാൻവേണ്ടി തൊട്ടടുത്ത സ്ഥലങ്ങളിൽ പുതിയ കുടിലുകൾ വച്ചു കെട്ടുകയും അതു മുഴുവനും പുതുതായി വച്ചുകെട്ടിയിട്ടുള്ളതാണെന്നുള്ള നിലയിൽ മുഴുവനും പൊളിച്ചു മാറ്റുകയും ചെയ്യുന്ന ഏർപ്പാടുണ്ട്. അതുകൊണ്ട് വർഷങ്ങൾക്കുമുമ്പ് അവിടെ താമസിക്കുന്ന ആളുകൾക്കു സ്ഥിരമായി പട്ടയം കൊടുത്ത് അവർക്കു കിടപ്പാടം ഉണ്ടാക്കാനുള്ള അവസരമുണ്ടാക്കുമോ?

ശ്രീ. ബേബിജോൺ: അതുതന്നെയാണ് ഞാൻ പറഞ്ഞിട്ടുള്ളത്, ഒരു ഭാഗത്തു പുതുതായി കയറിയവരെ ഒഴിപ്പിക്കണമെന്നും പഴയ ആളുകളെ ഒഴിപ്പിക്കരുതെന്നും പറയുന്നുണ്ടെന്ന്. ഏതായാലും ഒഴിപ്പിക്കാതിരിക്കുവാനുള്ള നിവേദനങ്ങൾ പല രൂപത്തിലും ഭാവത്തിലും വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വട്ടിയൂർക്കാവ് രവി: സ്വന്തമായി ഭൂമിയില്ലാത്തവരാണ് ഈ പുറമ്പോക്കുകളിൽ കുടിലുകൾ കെട്ടി താമസിക്കുന്നതെന്ന നിലയിൽ ഈ പട്ടയം കൊടുക്കുന്ന കാര്യത്തിലെല്ലാം പല രീതിയിലുള്ള അപാകതകൾ ഉണ്ടെന്നുള്ള പരക്കെയുള്ള ആക്ഷേപം മാറാൻ വേണ്ടി തിരുവനന്തപുരം താലൂക്കിൽ രണ്ടു വർഷങ്ങൾക്കു മുമ്പു കുടിലുകൾ കെട്ടി റേഷൻ കാർഡുകൾ സഹിതം താമസിക്കുന്നവർക്കു മുഴുവനും പട്ടയം കൊടുക്കുവാനുള്ള വ്യവസ്ഥ ഏർപ്പെടുത്തുമോ?

ശ്രീ. ബേബിജോൺ: അങ്ങനെയൊരു ലൈൻ വരയ്ക്കാൻ ബുദ്ധിമുട്ടുണ്ട്. കാരണം നമ്മുടെ ആളുകൾ അത്ര കഴിവുള്ളവരാണ്. എല്ലാ കുടിലുകളും കാഴ്ചയിൽ 10 വർഷത്തിനു മുമ്പുള്ളതാണെന്നു തോന്നത്തക്ക നിലയിൽ വളരെ വിദഗ്ദ്ധമായി കുടിലുകൾ വയ്ക്കാൻ കഴിവുള്ളവരാണ് നമ്മുടെ ആളുകൾ.

ശ്രീ. എൻ. ഭാസ്കരൻ നായർ: പദ്ധതി പ്രവർത്തനങ്ങൾക്കു വേണ്ടി പൊന്നുംവിലയ്ക്കെടുത്ത സ്ഥലങ്ങൾ കൈയേറിയവരെ ഒഴിപ്പിക്കാത്തതുകൊണ്ട് പദ്ധതികളുടെ പ്രവർത്തനംതന്നെ താമസിക്കുന്നു എന്നുള്ളതു പരിഗണിച്ച് അങ്ങനെയുള്ളവരെ ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ബേബിജോൺ: പദ്ധതി പ്രവർത്തനത്തിനു വേണ്ടി മാറ്റിവച്ചിട്ടുള്ള ഭൂമികളിൽ അനധികൃതമായി പ്രവേശനമുണ്ടായിട്ടുണ്ട്. അവിടെനിന്നും ഒഴിപ്പിക്കേണ്ടത് പദ്ധതിയുടെ പ്രവർത്തനം നടപ്പിലാക്കാൻ ആവശ്യമാണ്. അങ്ങനെയുണ്ടാകുന്ന സന്ദർഭങ്ങളിൽ സഭയുടെ എല്ലാ ഭാഗത്തുനിന്നും അതിനുവേണ്ട സഹകരണം ഉണ്ടാകണമെന്നു മാത്രമാണ് എനിക്കു പറയുവാനുള്ളത്.

ശ്രീ. സേവ്യർ അറയ്ക്കൽ: വ്യാപകമായി ഇല്ല, ചിലരൊക്കെ അനധികൃതമായി പ്രവേശിച്ചിട്ടുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. എത്ര ഏക്കർ സ്ഥലത്തു കയറിയിട്ടുണ്ട്, എത്ര കുടിലുകൾ കെട്ടിയിട്ടുണ്ട് എന്ന കണക്കു ഗവൺമെൻറിൻെറ കൈവശമുണ്ടോ?

ശ്രീ. ബേബിജോൺ: വ്യാപകമായി ഇല്ല എന്നു ഞാൻ പറഞ്ഞത് രാഷ്ട്രീയ കക്ഷികളുടെ പ്രേരണയോടുകൂടി പുറമ്പോക്കു ഭൂമി കൈയടക്കാൻ ഉള്ള പ്രവണതയെ സംബന്ധിച്ചാണ്. ചിലരെല്ലാം അങ്ങനെ പ്രവേശിക്കുന്നുണ്ടെന്നു മാത്രമേ ഞാൻ പറഞ്ഞിട്ടുള്ളു. അതിൻെറ പൂർണ്ണമായ കണക്ക് എൻെറ കൈവശം ഇപ്പോഴില്ല.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: കണ്ണൻ ദേവൻ കമ്പനിയിൽനിന്നും കിട്ടിയ ഭൂമിയിൽ ഏലത്തോട്ടങ്ങൾ വച്ചുപിടിപ്പിച്ച പ്രമാണിമാരെ ഒഴിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ബേബിജോൺ: അനധികൃതമായി പ്രവേശിച്ച എല്ലാ ആളുകളേയും ഒഴിപ്പിക്കണമെന്നാണ് ഗവൺമെൻറിൻെറ നിശ്ചയം.

ശ്രീ പി. സി. ജോസഫ്: തോടരുവികളുടെ കരയിൽ ജലസേചനത്തിനുവേണ്ടി പമ്പുസെറ്റുകൾവച്ച് പ്രവർത്തിപ്പിക്കുന്നകൃഷിക്കാരുണ്ട്. അതുകൊണ്ട് ആർക്കും ഒരു ദോഷവും ഉണ്ടാകുന്നില്ല. അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

പമ്പുസെറ്റുകൾവച്ചു പ്രവർത്തിപ്പിക്കുന്ന തോടരികിലുള്ള ഭൂമികൾ കൈവശക്കാരായ കർഷകർക്കു പതിച്ചു കൊടുക്കുവാൻ നടപടി ഉണ്ടാകുമോ; അതു വേഗതയിൽ നടപ്പിലാക്കുമോ?

ശ്രീ. ബേബിജോൺ: തോട്ടരികിലുള്ളഭൂമി . പതിച്ചുകൊടുക്കുകയെന്നു പറഞ്ഞാൽ അതു കേൾക്കുമ്പോൾ നിരുപദ്രവമാണെന്നു തോന്നാം. പക്ഷേ അതുകൊണ്ടുണ്ടാകുന്ന ദോഷങ്ങൾ വലുതാണ്. അതുകൊണ്ട് സിൽറ്റേഷൻ ഉണ്ടാകും, ഇറിഗേഷൻ പ്രവർത്തനങ്ങൾക്കു തടസ്സമുണ്ടാകും. പ്രശ്നങ്ങളുടെ ന്യായാന്യായത നോക്കി മാത്രമേ തീരുമാനമെടുക്കുവാൻ കഴിയുകയുള്ളു പൊതുവായി അങ്ങനെയൊരു തീരുമാനമെടുക്കുവാൻ കഴിയുകയില്ല.

ശ്രീ. പി. ആർ. ഫ്രാൻസിസ്: പത്തു മുപ്പത്തിയഞ്ചു കൊല്ലങ്ങൾക്കു മുമ്പു തന്നെ ആരംഭിച്ച ഗവൺമെൻറിന്റെ ഹിൽപാഡി സ്കീമും പുതിയ ഫുഡ്പ്രൊഡക്ഷൻ സ്കീമും അനുസരിച്ച് ഗവൺമെൻറിന്റെ ആഹ്വാനമനുസരിച്ച് പുറമ്പോക്കുഭൂമികളിൽ കൈയേറി കൃഷി ചെയ്യുന്ന ആളുകൾക്കു പട്ടയം കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ബേബിജോൺ: എല്ലാ ആളുകളും ഗവൺമെൻറു ഭൂമിയിൽ പ്രവേശിച്ചിട്ടുള്ളത് അനധികൃതമായാണെന്നു ഗവൺമെൻറിനു അഭിപ്രായമില്ല. ഗ്രോമോർ ഫുഡ് സ്കീം അനുസരിച്ചു ഭൂമി കൈവശം കിട്ടിയ ആളുകളുണ്ട്. അവർക്കു ഭൂമി പതിച്ചു കൊടുക്കാവുന്നതേയുള്ളു. പതിച്ചു കൊടുക്കാവുന്ന ഭൂമികളെല്ലാം ഒരു സമയബന്ധിത പരിപാടിയുടെ അടിസ്ഥാനത്തിൽ പതിച്ചു കൊടുക്കാനുള്ള നടപടി എടുത്തിട്ടുണ്ട്.

ശ്രീ. എ. വി. താമരാക്ഷൻ: തീര പ്രദേശത്തുള്ള പുറമ്പോക്കു ഭൂമി മൽസ്യത്തൊഴിലാളികൾക്കു പതിച്ചു കൊടുക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ പറയാമോ?

ശ്രീ. ബേബിജോൺ: വിശദാംശങ്ങൾ പറയാൻ നിവൃത്തിയില്ല. മൽസ്യത്തൊഴിലാളികൾ മാത്രമല്ല, തൊഴിലാളികൾ ആരെല്ലാം പുറമ്പോക്ക് ഭൂമികളിൽ താമസിക്കുന്നുണ്ടോ ആ ഭൂമികളെല്ലാം പതിവു ചട്ടങ്ങൾക്കു വിധേയമായി പതിച്ചു കൊടുക്കാറുണ്ട്. മൽസ്യത്തൊഴിലാളികൾക്കു ചട്ടങ്ങളിൽ അയവു വരുത്തി പതിച്ചു കൊടുക്കുവാനുള്ള നടപടിയുമുണ്ട്.

ശ്രീ.പി. പി. എസ്തോസ്: പല പട്ടണ പ്രദേശങ്ങളിലും അനധികൃതമായി കൈയേറി താമസിക്കുന്ന ആളുകളെ സ്ലംക്ലിയറൻസിന്റെ പേരിൽ പുനരധിവസിപ്പിക്കുന്ന പരിപാടികൾ ഗവൺമെൻറു ചെയ്യുന്നുണ്ട്. അതുപോലെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ റോഡു പുറമ്പോക്കുകളിലും മറ്റും ദീർഘകാലമായി താമസിക്കുന്ന ആളുകളെ ഒഴിപ്പിക്കുകയാണെങ്കിൽ അവരെ പുനരധിവസിപ്പിക്കുവാനുള്ള നടപടികൂടി നടത്തിയിട്ടു ഒഴിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ബേബിജോൺ: ചില പ്രദേശങ്ങളിൽനിന്നും ഒഴിപ്പിക്കുമ്പോൾ ചില സഹായങ്ങൾ ചെയ്യുന്നുണ്ട്. ഉദാഹരണത്തിനു കാഞ്ഞിരപ്പള്ളിയിൽ നിന്നും റോഡരികിലുള്ള ആളുകളെ ഒഴിപ്പിച്ചപ്പോൾ അവിടത്തെ പഞ്ചായത്തിന്റെ സഹായത്തോടു കൂടി അവരെ പുനരധിവസിപ്പിക്കുവാൻ വേറെ

LIBRARY ARCHIVES Kerala Legislative Assembly

ഭൂമി കൊടുത്തിട്ടുണ്ട്. അത്യാവശ്യം വരുന്ന സന്ദർഭങ്ങളിലെല്ലാംതന്നെ അങ്ങനെ ചെയ്യുന്നുണ്ട്. പക്ഷേ ഇതൊരു പൊതുനയമായി ആവിഷ്ക്കരിച്ചാൽ ഞാൻ നേരത്തെ പറഞ്ഞ അപകടമുണ്ട്. ഗതാഗതത്തിനു തടസ്സമുണ്ടാക്കുന്ന റോഡുപുറമ്പോക്കു കൈയേറ്റം കൂടുതൽക്കൂടി വ്യാപകമാകുമോ എന്ന ഭയം ഗവൺമെൻറിനുണ്ട്.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: ഗവൺമെൻറു സ്കൂളിനു വേണ്ടി പതിച്ചു കൊടുത്ത സ്ഥലത്ത് അനധികൃതമായി കയ്യേറിയ ആളുകളെ നിയമപരമായി ഒഴിപ്പിച്ചതിനു ശേഷം വീണ്ടും ആ ഗവൺമെൻറ് സ്കൂൾ സ്ഥലത്തുതന്നെ കയ്യേറിയ ആളെ വീണ്ടും ഒഴിപ്പിച്ച അവസരത്തിൽ അതിനെതിരായി ഗവൺമെൻറ് വല്ല സ്റ്റേ നടപടിയും എടുത്തിട്ടുണ്ടോ?

ശ്രീ. ബേബിജോൺ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പ്രത്യേക കേസിനെപ്പറ്റി അറിഞ്ഞുകൂടാ. ചിലപ്പോൾ ഒഴിപ്പിക്കൽ നടപടികൾ വരുന്ന അവസരത്തിൽ സ്റ്റേ കൊടുത്തിട്ടുണ്ട്. മിക്കവാറും എല്ലാ ഭാഗത്തുനിന്നും ജീവകാരുണ്യപരമായി ഇപ്പോൾ ഒഴിപ്പിക്കരുതെന്നു പറയുന്ന അവസരത്തിൽ അതിൻെറ ന്യായാന്യായത പരിശോധിക്കുന്നതിനു വേണ്ടി താൽക്കാലിക സ്റ്റേ കൊടുക്കാറുണ്ട്.

ശ്രീ. വി.ടി. സെബാസ്റ്റ്യൻ: പുറമ്പോക്കു ഭൂമിയിൽ അനധികൃതമായി പ്രവേശിച്ച് വീടുകൾ വയ്ക്കുകയും പണിയാരംഭിക്കുകയും കൃഷി ചെയ്യുകയും ഒക്കെ ചെയ്യുന്ന സമയത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ അതു തടയാനുള്ള നടപടികൾ സ്വീകരിക്കാതിരിക്കുകയും ഇതെല്ലാം കഴിഞ്ഞ് ദേഹണ്ഡങ്ങൾ ഉണ്ടാകുന്ന സമയത്ത് ഒഴിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതുകൊണ്ടാണ് തടസ്സങ്ങൾ ഉണ്ടാകുന്നത് എന്നുള്ളത് മനസ്സിലാക്കി പ്രവേശനസമയത്തുതന്നെ അതു തടയാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ബേബിജോൺ: ഇതു സാധാരണ പറയുന്ന ഒരു കാര്യമാണ്. പ്രവേശിക്കുന്ന ഉടനെ ഒഴിപ്പിക്കുന്നില്ല, വർഷങ്ങൾ കഴിഞ്ഞ് ഒഴിപ്പിക്കുമ്പോൾ പ്രയാസമുണ്ടാകുന്നു, ഒരു കാര്യം തീർച്ചയാണ് ലോവർ ലവലിലുള്ള ഉദ്യോഗസ്ഥൻമാരും പ്രാദേശിക രാഷ്ട്രീയ ഘടകങ്ങളും എല്ലാം അറിഞ്ഞാണ് പല സ്ഥലങ്ങളിലും പ്രവേശനമുണ്ടാകുന്നത്.

ശ്രീ.എം. കെ. കേശവൻ: കണ്ണൻദേവൻ കമ്പനിയുടെ കയ്യിൽനിന്നും ഗവൺമെൻറ് ഏറ്റെടുത്ത ഭൂമിയിൽ പുതുതായി പ്രവേശിച്ച ആളുകളെ ഒഴിപ്പിച്ചതിൽ പ്രതിഷേധിച്ച് ഈ സഭയിലെ ഒരു എം. എൽ. എ. നിരാഹാര സത്യാഗ്രഹം നടത്തുകയും ആരും അറിയാതെ അതു പിൻവലിക്കുകയും ചെയ്ത വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

മി. സ്പീക്കർ: ആർഡർ, ആർഡർ.

ശ്രീ. ബി. എം. ഷെറീഫ്: ഹൈവേയ്ക്കു വേണ്ടി പുതുതായി ഉണ്ടാക്കുന്ന റോഡിനു ആവശ്യമായ സ്ഥലത്ത് ഉണ്ടാകുന്ന പുതിയ കയ്യേറ്റങ്ങളെ ഒഴിപ്പിക്കാൻ നിർദ്ദേശം കൊടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബിജോൺ: കർശനമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അവിടെ പ്രവേശനം അനുവദിക്കരുത്. അങ്ങനെ വന്നാൽ ഉടനെ ഒഴിപ്പിക്കാൻ വേണ്ട ഏർപ്പാടു ചെയ്യണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ.എം. വി. രാഘവൻ: റവന്യൂ പുറമ്പോക്ക് ഇങ്ങനെ കയ്യേറുന്നത് ആ ഭൂമി സർക്കാരിന്റെ കൈവശം ഇരിക്കുന്നതു കൊണ്ടാണ്. അതു കൊണ്ട് ഗവൺമെന്റിന് ആവശ്യമില്ലാത്ത പുറം പോക്ക് ഭൂമികളുടെ സംരക്ഷണവും അവകാശവും ലോക്കൽ ബോഡീസിനു കൊടുത്താൽ അവർ അതു സംരക്ഷിക്കുകയും കയ്യേറ്റമുണ്ടായാൽ ഉടനെ ഒഴിപ്പിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യും. അതിനു വേണ്ട ഏർപ്പാടുണ്ടാക്കുമോ?

ശ്രീ. ബേബിജോൺ: അത് ബഹുമാനപ്പെട്ട മെമ്പറുടെ ഒരു നിർദ്ദേശമാണ്.

ശ്രീ. ഒ. ലൂക്കോസ്: സാധാരണക്കാരായ പാവപ്പെട്ട ആളുകൾക്ക് നാലോ അഞ്ചോ സെൻറ് ഭൂമി വിലയ്ക്കു വാങ്ങാൻ കഴിയാത്ത വിധം ഭൂമിയുടെ വില ഭയങ്കരമായി വർദ്ധിച്ചിരിക്കുന്നതു കൊണ്ടാണ് ഈ കയ്യേറ്റങ്ങൾ ഉണ്ടാകുന്നത് എന്നുള്ളതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഒരിക്കൽ പത്രത്തിൽ കൂടി ചെയ്ത പ്രസ്താവനയിൽ പറഞ്ഞിരുന്നതു പോലെ ഭൂമിയുടെ വില മരവിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ബേബിജോൺ: ഈ കയ്യേറ്റം ഭൂമിയുടെ വില വർദ്ധിച്ചതു കൊണ്ടുണ്ടാകുന്നതാണെന്ന് എനിക്ക് അഭിപ്രായമില്ല.

ശ്രീ. വി. ജെ. ജോസഫ്: ആറുകൾക്കും തോടുകൾക്കും സമീപമുള്ള ഭൂമിയിൽ വർഷങ്ങളായി താമസിക്കുകയും കൃഷിയിറക്കുകയും ചെയ്തിട്ടുള്ളവർക്ക് കുത്തകപ്പാട്ട വ്യവസ്ഥയിൽ അവർക്ക് ആ ഭൂമി കൊടുത്തിരിക്കുകയാണ്. അവരുടെ ആ പത്തോ ഇരുപതോ സെൻറ് സ്ഥലത്തു നിന്ന് തെങ്ങിന് ഇരുപതു രൂപയും റബറിന് 10 രൂപയും വച്ച് പിരിച്ചു കൊണ്ടിരിക്കുകയാണ് ഗവൺമെൻറ്. ഈ കുത്തകപ്പാട്ട ഭൂമികൾ അവർക്കു തന്നെ പതിച്ചു കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ബേബിജോൺ: അങ്ങനെയുള്ള ഭൂമിയിൽ താമസിക്കുന്നവർക്ക് പതിച്ചു കൊടുക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ലാൻറ് അസൈൻമെൻറ് റൂൾസ് അനുസരിച്ച് അതിന്റെ പരിധിക്കുള്ളിൽ വരാത്തവർക്കു പോലും മാർക്കറ്റു വാല്യു ഈടാക്കിക്കൊണ്ട് പതിച്ചു കൊടുക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അത്യാവശ്യം വേണ്ട സ്ഥലത്തു നിന്നും ഒഴിപ്പിച്ചിട്ടു ബാക്കിയുള്ള സ്ഥലത്തെ സംബന്ധിച്ചിടത്തോളം ഒന്നുകിൽ ലാൻറ് അസൈൻമെൻറ് റൂൾ അനുസരിച്ച് അല്ലെങ്കിൽ മാർക്കറ്റു വില ഈടാക്കിക്കൊണ്ട് പതിച്ചു കൊടുക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ പി. കരുണാകരൻ: ഒരു സെൻറ് ഭൂമി പോലും ഇല്ലാത്ത ആളുകളാണ് പലപ്പോഴും തല ചായ്ക്കാനുള്ള സ്ഥലത്തിനു വേണ്ടി കയ്യേറുന്നത്. ഇത് ഒരു പ്രശ്നമായിത്തീർന്നിരിക്കുന്ന സ്ഥിതിക്ക് ഇത്തരം ആളുകൾക്ക് ഭൂമി കൊടുക്കാൻ ഒരു സംവിധാനമുണ്ടാക്കാൻ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ ബേബിജോൺ: നമ്മുടെ സംസ്ഥാനത്ത് ഭൂപരിഷ്കരണ നിയമം നടപ്പാക്കിയതോടു കൂടി ഇനി കുടി കിടക്കാൻ ഏതെങ്കിലും ഉടമകളും അനുവദിക്കുമെന്നു തോന്നുന്നില്ല. ഇത്തരക്കാർ ഒരു വീട്ടിൽ തന്നെ രണ്ടും മൂന്നും കുടുംബങ്ങളും താമസിക്കുന്നുണ്ട്. ഇത്തരത്തിലുള്ള ആളുകളെ പുനരധിവസിപ്പിക്കുന്നതിന് ഗവൺമെൻറിന് ഒരു പദ്ധതിയുണ്ട്. ഭൂരഹിതരായ ആളുകൾക്ക് വീടു വയ്ക്കുന്നതിനു വേണ്ടി നാലു സെൻറു സ്ഥലം സൗജന്യമായി കൊടുക്കാനുള്ള ഒരു പദ്ധതിയുണ്ട്. അതു നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. സുകുമാരനുണ്ണി: റവന്യൂ പുറമ്പോക്കിനെ സംബന്ധിച്ചാണ് ചോദ്യം. എന്നാൽ ഗവൺമെൻറിൻെറ കൈവശം ധാരാളം തരിശു ഭൂമിയുണ്ട്. ആ ഭൂമി പാട്ടം നിശ്ചയിച്ച് പാവപ്പെട്ട ഭൂരഹിതർക്കു പാട്ട വ്യവസ്ഥയിൽ കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. ബേബിജോൺ: ഗവൺമെൻറിൻെറ കൈവശമുള്ള ഭൂമി ഏതെങ്കിലും പൊതു ആവശ്യത്തിന് വേണ്ടതായിരിക്കും. അതു പാട്ടത്തിനു കൊടുത്താൽ തിരികെ കിട്ടാതെ വരും. അതുകൊണ്ട് അങ്ങനെ കൊടുക്കാൻ നിവൃത്തിയില്ല. ഇപ്പോഴും പ്രവേശനമുള്ള ഭൂമിയെ സംബന്ധിച്ചിടത്തോളം പതിച്ചു കൊടുക്കാവുന്നതെല്ലാം പതിച്ചു കൊടുക്കാനുള്ള നിർദ്ദേശമാണ് കൊടുത്തിട്ടുള്ളത്.

ശ്രീ.ലോനപ്പൻ നമ്പാടൻ: സർക്കാർ വക പുറമ്പോക്കു ഭൂമി, സ്കൂൾ, പോലീസ് സ്റ്റേഷൻ, ആശുപത്രി ഇങ്ങനെയുള്ള പൊതു ആവശ്യങ്ങൾക്കു വേണ്ടി നൽകാൻ തയ്യാറാകുമോ?

ശ്രീ. ബേബിജോൺ: പൊതു ആവശ്യങ്ങൾക്കു വേണ്ടി കൊടുക്കേണ്ട സ്ഥലങ്ങളിൽ അങ്ങനെ കൊടുക്കും.

ഫിലിം സബ്സിഡി

*315 [332] ശ്രീ. എൻ.പി.മൊയ്തീൻ:

ശ്രീ. കെ. പി. നൂറുദ്ദീൻ:

ശ്രീ. സി. പി.ഗോവിന്ദൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യമന്ത്രി സഭയെ മറുപടി നൽകുമോ:

ഫിലിം സബ്സിഡി കൊടുക്കുന്നതിനു സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാം?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ എസ്. വരദരാജൻ നായർ):

സബ്സിഡി നൽകുന്നതിനുള്ള വ്യവസ്ഥകളുടേയും ചട്ടങ്ങളുടേയും ഒരു കോപ്പി ഇതോടൊന്നിച്ച് അനുബന്ധമായി കൊടുത്തിട്ടുണ്ട്. *

ശ്രീ.എൻ. പി. മൊയ്തീൻ: കുട്ടികൾക്കുവേണ്ടി നിർമ്മിച്ചിട്ടുള്ളതും അന്തർദ്ദേശീയ പ്രശസ്തി കരസ്ഥമാക്കിയിട്ടുള്ളതും പ്രശസ്ത സംവിധായകൻമാരിൽ ഒരാളായ രാമു കാര്യാട്ട് സംവിധാന.

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly